**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3250** **15-02-2024 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിന് സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നുള്ള The Central Road Fund Act, 2000 ഉം അതിന്റെ ഭേദഗതികളിലും നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്. പ്രസ്തുത ആക്ടിലെ Section 7 പ്രകാരം inter state connectivity യും സാമ്പത്തിക പ്രാധാന്യവുമുള്ള സ്റ്റേറ്റ് റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആയി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഡീ നോട്ടിഫൈ ചെയ്ത ദേശീയപാതകൾ, ദേശീയപാത ആയി മാറ്റാൻ സാധ്യതയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡുകൾ, ദേശീയപാത ബൈപ്പാസുകൾ, സാമ്പത്തിക പ്രാധാന്യമുള്ള റോഡുകളുടെ സുരക്ഷയ്ക്കും, ട്രാഫിക് കുറക്കുന്നതിനുമായി രണ്ടു ദേശീയപാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ മുതലായവക്ക് ഈ ഫണ്ട് ഉപയോഗിക്കാം. റോഡ് സേഫ്റ്റി വർക്കുകൾ, ആർ.ഒ.ബി./ ആർ.യു.ബി, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് മുൻഗണന ഉണ്ടായിരിക്കും. ഇതിൽ ഉൾപ്പെടുത്തുന്ന റോഡുകൾക്കു 10കി.മീ. നീളമെങ്കിലും ഉണ്ടായിരിക്കണം. |
| (ബി) | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി 2023-24-ൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | കുത്തുപറമ്പ് മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ പ്രസ്തുത നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (സി) | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും ധനസഹായത്തിനായി 2023-24 സാമ്പത്തിക വർഷത്തിലേക്കായി സമർപ്പിച്ച നിർദ്ദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്നുള്ള പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ